# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊച്ചി നഗരസഭ - റോഡ് വീതി കൂട്ടുന്നതിനായി എറണാകുളം വില്ലേജ് സർവ്വേ നമ്പർ 481/1-ൽപ്പെട്ട 2 ആർ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം.2917/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ.07, 2009.

---

പരാമർശം: 1. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് നമ്പർ 661/2005.

2. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 12-10-2009-ലെ എം.ഒ.പി.2/18515/97 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മേൽ പരാമർശത്തിന്റെയടിസ്ഥാനത്തിൽ കൊച്ചി നഗരസഭാ പരിധിയിലുള്ള സി.പി.ഉമ്മർ റോഡിൽ നിന്നും നഗരസഭയുടെ സ്റ്റാഫ് ക്വോർട്ടേഴ്സിനു വേണ്ടി ഏറ്റെടുത്ത ഭൂമിയിലേയ്ക്കുള്ള റോഡ് വീതി കൂട്ടുന്നതിനായി എറണാകുളം വില്ലേജ്, കണയന്നൂർ താലൂക്കിൽ സർവ്വേ നമ്പർ 481/1-ൽപ്പെട്ട 2 ആർ സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരു വിധ സാമ്പത്തിക, വ്യവഹാര ബാധ്യതകൾ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി കൊച്ചി നഗരസഭയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കൊച്ചി നഗരസഭ, എറണാകുളം.

ജില്ലാ കളക്ടർ, എറണാകുളം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

(മറുപുറം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.